**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2982** **25-06-2024 - ൽ മറുപടിയ്ക്ക്**

**ഹരിപ്പാട് മണ്ഡലത്തിലെ വെള്ളക്കെട്ടിനുള്ള പരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ഹരിപ്പാട് മണ്ഡലത്തിലെ കരുവാറ്റ മുതൽ കായംകുളം വരെയുള്ള ദേശീയപാതാ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ എൻ.എച്ച്. 66-ന്റെ കിഴക്ക് വശത്ത് നിന്ന് പടിഞ്ഞാറേക്കുള്ള പ്രദേശം വഴി ഒഴുകി എത്തുന്ന മഴവെള്ളവും കിഴക്കൻ മലയോര മേഖലയിൽ നിന്ന് അച്ചൻകോവിലാറും പമ്പയാറും വഴി ഒഴുകി എത്തുന്ന കിഴക്കൻമലവെള്ളവും കാരണം കായംകുളം കായലിലേക്കുള്ള ഇടത്തോടുകൾ എല്ലാം തടസ്സപ്പെട്ട് രൂക്ഷമായ വെള്ളപ്പൊക്കത്തിലേക്ക് നയിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ദേശീയപാത നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഹരിപ്പാട് മണ്ഡലത്തിലെ വിവിധ തോടുകളിലെ നീരൊഴുക്ക് തടസ്സപ്പെട്ടിരിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത പ്രതിസന്ധിക്കും വെള്ളപ്പൊക്കത്തിനും പരിഹാരം കാണുന്നതിനായി പ്രത്യേക പദ്ധതി നടപ്പിലാക്കുമോ? | (ബി) | പ്രസ്തുത പ്രതിസന്ധിക്കും, വെള്ളപ്പൊക്കത്തിനും, പരിഹാരം കാണുന്നതിനായി ആലപ്പുഴ ജില്ലയിൽ കാർത്തികപ്പള്ളി താലൂക്കിൽ കരുവാറ്റ പഞ്ചായത്തിലെ ഇടത്തോടായ കൊച്ചാലപ്പുഴ തോടിന്റെ ചെളി നീക്കം ചെയ്യുന്ന പ്രവൃത്തിക്ക് 2023-24 ബഡ്ജറ്റ് സ്പീച്ചിൽ ഉൾപ്പെടുത്തി 97 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തി പുരോഗമിച്ചു വരുന്നു. കൂടാതെ 2023-24 ബഡ്ജറ്റ് സ്പീച്ചിൽ ഉൾപ്പെടുത്തി 5 പ്രവൃത്തികൾക്കായി 499 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിൽ ഒരു പ്രവൃത്തി പുരോഗമിച്ചു വരുന്നു. 4 പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. പ്രവൃത്തികളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## List of Works

| Sl No | Name of Work | AS amount in Lakhs | Status |
|---|---|---|---|
| 1. | ULLITTAPUNCHA PADASHEKHARAM- Improvements to Karippuzha river and its tributaries and providing irrigation facilities to Ullittapuncha Padashekharam in Cheppad and Chettikulangara Panchayaths of Alappuzha district. (Reach-1)- General Civil Work. | 200.00 | TS under process |
| 2. | GENERAL - Vettiykkal Rectification - Removal of accumulated earth and rectification to damaged banks of Vettiykkal thodu at Vettiykkal Padashekharam in ward No. 2 of Pallippad Panchayath - General Civil Work. | 50.00 | Tender under process |
| 3. | GENERAL - Rectification and cleaning of various thodu in ward no: 3 of Thrikkunnapuzha Panchayath - Removal of accumulated earth, hyacinth and rectification works to various thods in ward no: 3 of Thrikkunnapuzha Panchayath - General Civil Work | 55.00 | Tender under process |
| 4. | GENERAL - KP - Kochalappuzha Thodu - KP- Desilting and protection work to Kochalappuzha Thodu in Karuvatta Panchayath - General Civil Work. | 100.00 | 4% work in progress |
| 5. | GENERAL - KUNNUMPATTU KOPPARA THODU - KP - DESILTING AND SIDE PROTECTION WORK TO KUNNUMPATTU KOPPARA THODU IN WARD NO. 05 OF KARUVATTA PANCHAYATH - General Civil Work | 94.00 | Tender under process |
| | **Total** | **499.00** | |